**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4674** **29-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മത്സ്യമേഖലയിൽ മൂല്യവർധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ ആരംഭിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കാമോ? | (എ) | സംസ്ഥാന സർക്കാരിന്റെ 2021-22 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ മത്സ്യ സംസ്കരണത്തിന് മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണത്തിനുള്ള സാദ്ധ്യത കണക്കിലെടുത്ത് പശ്ചാത്തല സൗകര്യം ഒരുക്കുന്നതിന് 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞത്ത് ഒരു മൂല്യവർദ്ധിത മത്സ്യ ഉല്പാദന യൂണിറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചുവരുന്നു. കൂടാതെ കൊല്ലം ജില്ലയിൽ പ്രവർത്തിക്കുന്ന മത്സ്യസംസ്കരണ കേന്ദ്രമായ നളപാകത്തിൽ നിന്നും ഉണക്കമീൻ ഉൾപ്പെടെയുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച് വിപണനം ചെയ്തു വരുന്നു. എറണാകുളം ജില്ലയിൽ കൊച്ചങ്ങാടിയിൽ പ്രവർത്തിക്കുന്ന മത്സ്യഫെഡ് ഐസ് & ഫ്രീസിംഗ് പ്ലാൻറിൽ നിന്നും മത്സ്യം ശീതീകരിച്ച് കയറ്റുമതി ചെയ്യുന്നുണ്ട്. കൂടാതെ ശീതീകരിച്ച മത്സ്യങ്ങൾ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ വിവിധതരം അച്ചാറുകൾ (ചെമ്മീൻ, ചൂര, ഓലകൊടി, കണവ), ചെമ്മീൻ ചമ്മന്തിപ്പൊടി, ചെമ്മീൻ റോസ്റ്റ്, മത്സ്യകട്‌ലറ്റ് എന്നിവയും 'മത്സ്യഫെഡ് ഈറ്റ്സ് & മത്സ്യഫെഡ് ട്രീറ്റ്സ്' എന്ന പേരിൽ വിപണനം ചെയ്തു വരുന്നു. കൂടാതെ മത്സ്യത്തൊഴിലാളി വനിതകളുടെ ശാക്തീകരണത്തിനായി വകുപ്പിനു കീഴിൽ നിലകൊള്ളുന്ന സാഫിന്റെ മത്സ്യവിൽപ്പനയും മൂല്യവർദ്ധിതോല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട് നൂറോളം ചെറുകിട തൊഴിൽ സംരംഭങ്ങൾ തീരമൈത്രി പദ്ധതിയിൽ പ്രവർത്തിച്ചുവരുന്നു. 2021-22 സാമ്പത്തിക വർഷം 150 വനിത ഗുണഭോക്താക്കളെ ഉൾപ്പെടുത്തി പതിനഞ്ച് 'Value Added Fish Production യൂണിറ്റുകൾ കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ ജില്ലകളിലായി രൂപീകരിക്കുന്നതിനുള്ള പദ്ധതി |

| | | | |
|---|---|---|---|
| | | | പരിഗണനയിലാണ്. നിലവിൽ മത്സ്യവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ച് വരുന്ന 30 ചെറുകിടസംരംഭങ്ങളെ ‘Value Added Fish Production Units’ ആയി ഉയർത്തുന്നതും പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ